## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3830** **21.06.2019-ൽ മറുപടിയ്ക്ക്**

**എഴുത്ത് ലോട്ടറിയുടെ അനധികൃത വില്പന**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ലോട്ടറി വിൽപന സുതാര്യവും ജനകീയ സ്വഭാവത്തോടും കൂടി മുന്നോട്ട് പോകുന്നതിനിടയിൽ സമാന്തര മായി എഴുത്ത് ലോട്ടറിയുടെ അനധികൃത വില്പന വലിയ തോതിൽ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എഴുത്ത് ലോട്ടറിയുടെ പ്രലോഭനങ്ങളിൽ വീഴുന്നവരെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; | (ബി) | എഴുത്ത് ലോട്ടറികൾക്കും മറ്റു അനധികൃത ലോട്ടറികളുടെ നടത്തിപ്പ് സംബന്ധിച്ചും ലഭിക്കുന്ന വിവരം ഓഫീസുകളിൽ അറിയിക്കാനും ഇത്തരം പ്രവർത്തികളിൽ നിന്ന് അകന്നു നിൽക്കാനും അഭ്യർത്ഥിച്ചു കൊണ്ടുള്ള സന്ദേശങ്ങൾ സംസ്ഥാന ഭാഗ്യക്കുറി വില്പനക്കാർക്കും ഏജന്റുമാർക്കും ഭാഗ്യക്കുറിയുടെ ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്നു. |
| (സി) | ഇത്തരം ലോട്ടറിയുടെ ചൂതാട്ടം തടയുന്നതിനും ഒത്താശ ചെയ്യുന്ന നിയമപാലകർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ചൂതാട്ടം തടയുന്നതിന് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചൂതാട്ടത്തിന് ഒത്താശ ചെയ്യുന്ന, നിയമപാലകർ ഉൾപ്പെടെയുള്ള, ഉദ്യോഗസ്ഥർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ